©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ശനി
Thiruvananthapuram,
Saturday

2026 ജൂലൈ 18
18th July 2026
1201 കർക്കടകം 2
2nd Karkadakam 1201
1948 ആഷാഢം 27
27th Ashadha 1948

നമ്പർ
No.
2092

[റൂൾ 18(1) കാണുക]

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള വിജ്ഞാപനം

DCKNR/12268/2024-C8 *2026 ജൂലൈ 13*

കേരള സർക്കാർ 04.12.2015 തീയ്യതിയിലെ ജി ഒ (പി) നമ്പർ 649/2015/ആർ ഡി നമ്പർ വിജ്ഞാപന പ്രകാരം സ്പെഷ്യൽ തഹസിൽദാർ എൽ എ (ജനറൽ) തലശ്ശേരിയെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വ്യവസ്ഥകൾക്കനുസരിച്ച് ഭൂമി പൊന്നും വില നടപടിപ്രകാരം ഏറ്റെടുക്കുന്നതിനായി കളക്ടറുടെ ചുമതല വഹിക്കുന്നതിന് നിയോഗിക്കപ്പെട്ടതിനാലും,

ആയതിൻപ്രകാരം ഡെപ്യൂട്ടി കളക്ടർ (എൽ.എ) കളക്ടേറ്റ്, കണ്ണൂർ പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കാര്യനിർവ്വാഹകനായി നിയോഗിക്കപ്പെട്ടതിനാലും

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് കോയ്യോട്ട് പാലം പുനർ നിർമ്മിക്കുന്നതിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതുകൊണ്ടും,
ആയത്കൊണ്ട്, ഇപ്പോൾ ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അറിവിലേക്കായി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള ഒരറിയിപ്പ് ഇതോടൊപ്പം പുറപ്പെടുവിക്കുന്നു.

മേൽപ്പറഞ്ഞ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയ്യതി അല്ലെങ്കിൽ ആയത് സംബന്ധിച്ച് പൊതു അറിയിപ്പ് നൽകിയ തീയ്യതി ഏതാണോ അവസാനം സംഭവിക്കുന്നത് അതുമുതൽ പ്രസ്തുത സ്ഥലത്തിൽ തല്പര കക്ഷികളായുള്ള എല്ലാ വ്യക്തികളോടും ഭൂരേഖയുടെ നാളതീകരണം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംബന്ധിച്ചോ, ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ചോ എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ, 15 ദിവസത്തിനുള്ളിലും, ഏറ്റെടുക്കാൻ പോകുന്ന വസ്തുവിന്റെ അനുയോജ്യതയെയും, പൊതു ആവശ്യത്തിന് പറഞ്ഞിട്ടുളള ന്യായീകരണത്തെയും, സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ടിലെ കണ്ടെത്തലുകളെയും സംബന്ധിച്ചുളള ആക്ഷേപങ്ങൾ അറുപത് ദിവസത്തിനുള്ളിലോ രേഖാമൂലമുളള പ്രസ്താവന സഹിതം സ്പെഷ്യൽ തഹസിൽദാർ എൽ.എ(ജനറൽ) തലശ്ശേരി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത കാലപരിധിക്കു ശേഷം സമർപ്പിക്കുന്ന പ്രസ്താവനകളും/ആക്ഷേപങ്ങളും, ആക്ഷേപകന് ഭൂമിയിന്മേലുളള താൽപര്യമെന്താണെന്ന് ആക്ഷേപത്തിൽ വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുളള പ്രസ്താവനകളും/ ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപ്പെടുന്നതായിരിക്കും.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് ഔദ്യോഗിക വെബ് സൈറ്റായ www.kannur.nic.in –ൽ ലഭ്യമാണ്. ആയതിന്റെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരുന്നത്)

ജില്ല – കണ്ണൂർ *താലൂക്ക്* – കണ്ണൂർ
അംശം – മുണ്ടേരി *ദേശം* – മുണ്ടേരി

ക്രമ നമ്പർ	**സർവ്വെ നമ്പർ**	**വിവരണം**	**വിസ്തീർണ്ണം**	**ഏതു പൊതു ആവശ്യത്തിന് എന്ന്**	**ബാധിക്കപ്പെട്ട കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ട കാരണം**	**കൈവശക്കാരുടെ വിവരങ്ങൾ**
1	9/1	തോട്ടം	0.0326 ഹെക്ടർ	കോയ്യോട്ട് പാലം പുനർനിർമ്മാണം	കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടതില്ല	കെ കാർത്ത്യായനി മയൂഖ് നിവാസ്, കൊയ്യോട്ട് പാലം, മുണ്ടേരി പി ഒ
2	9/1					കെ കരുണാകരൻ പുതിയപുരയിൽ, മുണ്ടേരി പി ഒ
3	9/1					എ എം രാജേഷ്, സെക്രട്ടറി KRATCO, പി ഒ മുണ്ടല്ലൂർ
4	9/2					ദിനേശൻ, എടക്കണമ്പത്ത് ഹൗസ്, കൊയ്യോട്ട് പാലം, മുണ്ടേരി പി ഒ
5	9/2					സുധാകരൻ, സായൂജ്യം, ചെമ്മാടം, ചെക്കിക്കുളം പി ഒ
6	9/2					ഹരീഷ് കുമാർ യു കെ, പൂവത്തൻകണ്ടി ഹൌസ് ചെറുപഴശ്ശി പി ഒ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7	9/2					ഭരതൻ, വാഴയിൽ കോറമ്പേത്ത് കൊയ്യോട്ട് പാലം, മുണ്ടേരി പി ഒ
8	9/2					ശാന്തകുമാരി, തറമ്മൽ ഹൌസ്, ഏച്ചൂർ പി ഒ
9	9/2					കരുണാകരൻ, പഴശ്ശിവളപ്പിൽ, കാഞ്ഞിരോട് പി ഒ
10	9/2					സവിത എ, അതുൽ നി വാസ്, കൈപ്പക്കയിൽ, പി ഒ മുണ്ടേരി
11	9/2					വഖഫ് വകസ്ഥലം

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം

കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ മുണ്ടേരി വില്ലേജിൽ വലിയന്തൂർ- നായാട്ടുപാറ റോഡിൽ മുണ്ടേരി-മാണിയൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കോയ്യോട്ടുപാലം കണ്ണൂർ എയർപോർട്ടിലേക്കും, ജില്ലാ ആസ്ഥാനത്തേക്കും പോകുന്നതിനും, പരിസര പ്രദേശങ്ങളിലെ വാഹന ഗതാഗതത്തിനും കാൽനടയാത്രക്കാർക്കും ആശ്രയമാണ്. വർഷങ്ങൾക്കു മുന്നേ പണിത പാലം തേയ്മാനം കാരണം ശോചനീയാവസ്ഥയിലാണ്.

നിലവിലുള്ള പാലം പൊളിച്ചുമാറ്റി പുതിയ പാലവും അപ്രോച്ച് റോഡ് പുനക്രമീകരണത്തിനും വേണ്ടി മുണ്ടേരി ദേശത്ത് റി സ 9/1, 9/2 എന്നീ സർവ്വേ നമ്പറുകളിലായി 0.0326 ഹെക്ടർ ഭൂമി RFCTLARR Act 2013 പ്രകാരം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ സി.വി.സി എസ് ഐ എ യൂണിറ്റ് കേരള സമർപ്പിച്ച പഠന റിപ്പോർട്ട് വിലയിരിത്തിയതിന് ശേഷം, പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് വിദഗ്ധ സമിതി ശുപാർശ സമർപ്പിച്ചിരുന്നു. പാലത്തിന്റെ അപകടാവസ്ഥയും വീതികുറവും, ജനങ്ങളുടെ ബുദ്ധിമുട്ടും പരിഗണിച്ച് പുതിയ പാലത്തിന്റെ നിർമ്മാണ പ്രവൃത്തി തുടങ്ങേണ്ടത് അത്യാവശ്യമാണ്. പാരിസ്ഥിതിക ആഘാതം വളരെ കുറഞ്ഞതിനാലും, കൃഷിക്കോ പൊതുജനങ്ങൾക്കോ യാതൊരു ആഘാതവും ഇല്ലാത്തതിനാലും പകരം സ്ഥലം കണ്ടെത്തേണ്ടതില്ലാത്തതിനാലും ഏറ്റെടുക്കുന്ന സ്ഥലം പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ഏറ്റവും കുറഞ്ഞ സ്ഥലം ആയതിനാലും സ്ഥലം ഏറ്റെടുക്കാവുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

(ഒപ്പ്)

ജില്ലാ കളക്ടർ, കണ്ണൂർ

വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.)

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 19.09.2015-മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതും പ്രസ്തുത ചട്ടങ്ങളിലെ റൂൾ 18 പ്രകാരം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി ഗ്രാമീണ നഗര പ്രദേശങ്ങളായി തരം തിരിച്ച് വിശദ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

മേൽ ആവശ്യം കൈവരിക്കാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.07.18 06:18:41 +05:30